# അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കുവേണ്ടി അറുക്കൽ

അല്ലാഹു ﷻ പറഞ്ഞു:

﴿ قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ ١٦٢ لَا شَرِيكَ لَهُۥۖ وَبِذَٰلِكَ أُمِرۡتُ وَأَنَا۠ أَوَّلُ ٱلۡمُسۡلِمِينَ ﴾

(പറയുക, തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ബലികർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവനുപങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. (അവന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്.) (വി.ക്വു.6:162,163)

അല്ലാഹു ﷻ പറഞ്ഞു:

﴿ فَصَلِّ لِرَبِّكَ وَٱنۡحَرۡ ﴾

(ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.) (വി. ക്വു. 108: 2)

അലി رضي الله عنه വിൽ നിന്ന് നിവേദനം:

حَدَّثَنِي رسول الله ﷺ بِأَرْبَعِ كَلِمَاتٍ «لَعَنَ اللَّهُ مَنْ ذَبَحَ لِغَيْرِ اللَّهِ. لَعَنَ اللَّهُ مَنْ آوَى مُحْدِثاً. لَعَنَ اللَّهُ مَنْ لَعَنَ وَالِدَيْهِ. لَعَنَ اللَّهُ مَنْ غَيَّرَ مَنَارَ الأَرْضِ»

‘‘നാലുവചനങ്ങൾ നബി ﷺ എന്നോടു പറഞ്ഞിരിക്കുന്നു: ‘‘അല്ലാഹു അല്ലാത്തവർക്കായി (അവരുടെ പ്രീതിക്കുവേണ്ടി) അറുക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. (ഇസ്‌ലാമിക ശിക്ഷക്ക് അർഹനായ) കുറ്റവാളിക്ക് (രക്ഷക്കായി) അഭയം നൽകുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു. തന്റെ മാതാപിതാക്കളെ ശപിക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. ഭൂമിയിലെ അതിരുകൾ മാറ്റിമറിക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു.’’ (മുസ്‌ലിം)

ത്വാരിക് ഇബ്നു ശിഹാബ്ﷻവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«دخلَ الجنةَ رجلٌ في ذُبابٍ ودخلَ النارَ رجلٌ في ذبابٍ» قالُوا: وكيفَ ذلكَ يا رسولَ اللهِ؟ قالَ: «مَرَّ رجُلانِ علَى قومٍ لَهُمْ صَنَمٌ لاَ يَجُوزُهُ أَحدٌ حَتَّ يُقَرِّبَ لَهُ شيئاً، فقالُوا لِأَحَدِهِمَا: قَرِّبْ. قالَ: لَيْسَ عِنْدِي شيءٌ أُقَرِّبُهُ. قالُوا لَهُ: قَرِّبْ وَلَوْ ذُباباً. فَقَرَّبَ ذُباباً، فَخَلُّوا سَبِيلَهُ، فَدَخَلَ النَّارَ. فَقَالُوا لِلآخرِ: قَرِّبْ. فَقالَ: ما كنتُ لأُقَرِّبَ لأَحدٍ شيئاً دُونَ اللهِ عزَّ وجلَّ. فَضَرَبُوا عُنُقَهُ، فَدخلَ الجَنَّةَ»

"ഒരു ഈച്ചയുടെ വിഷയത്തിൽ ഒരാൾ സ്വർഗ്ഗത്തിലും, ഒരാൾ നരകത്തിലും പ്രവേശിച്ചു. അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അതെങ്ങനെ? (നബി) പറഞ്ഞു: രണ്ട് പേർ ഒരു സമൂഹത്തിലൂടെ നടന്നു. അവർക്ക് ഒരു വിഗ്രഹമുണ്ടായിരുന്നു. അതിന് ബ ലിയർപ്പിക്കാതെ ആരും അതിലുടെ കടന്നുപോകാറില്ല. അവർ അവരി ലൊരാളോട് പറഞ്ഞു; വല്ലതും ബലിയർപ്പിക്കൂ. അയാൾ പറഞ്ഞു: എന്റെ അരികിൽ ബലിയർപ്പിക്കുവാൻ യാതൊന്നും തന്നെ ഇല്ല. അവർ പറഞ്ഞു: ഒരു ഈച്ചയേയെങ്കിലും ബലിയർപ്പിക്കൂ. അയാൾ ഒരു ഈച്ചയെ ബലിയർപ്പിച്ചപ്പോൾ അവർ അയാളെ വെറുതെവിട്ടു. അങ്ങനെ അയാൾ നരകത്തിൽ പ്രവേശിച്ചു. അവർ മറ്റേയാളോട് പറഞ്ഞു: വല്ലതും ബലി സമർപ്പിക്കൂ. അയാൾ പറഞ്ഞു: 'അല്ലാഹു വിനല്ലാതെ മറ്റൊരാൾക്കും യാതൊന്നും തന്നെ ബലിയർപ്പി ക്കുന്നവനല്ല ഞാൻ.' അവർ അയാളുടെ പിരടിവെട്ടി. അങ്ങനെ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചു." [1]

## ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:

- (പറയുക, തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ബലി കർമ്മങ്ങളും,...) ഈ ആയത്തുകളുടെ തഫ്സീർ.

---

[1] ഇമാം അഹ്മദ്ﷻ 'കിതാബുസ്സുഹ്ദി'ൽ ഉദ്ധരിച്ചത്. ഈ അഥറിന്റെ സനദ് 'സ്വഹീഹാ'കുന്നു.

- (ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക......) (വി.ക്വു. 108:2) ഈ ആയത്തിന്റെ തഫ്സീർ.
- അല്ലാഹുﷻ അല്ലാത്തവർക്ക് അറുക്കുന്നവരെ ശപിച്ചുകൊണ്ടാണ് ആരംഭിച്ചത്.
- മാതാപിതാക്കളെ ശപിക്കുന്നവർക്ക് ശാപം. അതിൽപ്പെട്ടതാണ്, താങ്കൾ മറ്റൊരാളുടെ മാതാപിതാക്കളെ ശപിക്കും; അപ്പോൾ അയാൾ താങ്കളുടെ മാതാപിതാക്കളേയും ശപിക്കും എന്നത്.
- 'മുഹ്ദിഥി'ന് അഭയം നൽകുന്നവർക്ക് ശാപം. 'മുഹ്ദിഥ്' എന്നാൽ ഇസ്ലാമിക ശിക്ഷക്ക് അർഹനാകുംവിധം വല്ല കുറ്റകൃത്യവും ചെയ്ത്, രക്ഷക്കായി മറ്റൊരാളിൽ അഭയം തേടുന്നവനാണ്.
- ഭൂമിയിലെ അതിരുകൾ നീക്കുന്നവർക്ക് ശാപം. അഥവാ താങ്കളുടേയും താങ്കളുടെ അയൽവാസിയുടേയും സ്വത്തിനെ വേർതിരിക്കുന്ന അടയാളങ്ങൾ മുന്നോട്ടോ, പിന്നോട്ടോ മാറ്റം വരുത്തലാണ്.
- വ്യക്തിയെ നിർണ്ണയിച്ച് ശപിക്കുന്നതും പാപികളെ മൊത്തത്തിൽ ശപിക്കുന്നതും തമ്മിലുള്ള വ്യത്യാസം.
- ഗൗരവമേറിയ കഥയാണ് ഈച്ചയുടെ കഥ.
- ഒരു വ്യക്തി ഒരു ഈച്ചകാരണത്താൽ നരകത്തിൽ പ്രവേശിച്ചു. അയാളാകട്ടെ, താൻ ബലിനൽകുകയാണെന്ന് ഉദ്ദേശിക്കാതെ, അവരുടെ കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടുവാൻ പ്രവർത്തിച്ചതാണ്.
- സത്യവിശ്വാസികളുടെ ഹൃദയത്തിൽ ശിർക്കിന്റെ ഗൗരവം എത്രയാണെന്ന് മനസ്സിലാക്കൽ. അഥവാ ഈ സത്യവിശ്വാസി മരണത്തിന് മുന്നിൽ എത്ര ക്ഷമിച്ചു. അവരുടെ ആവശ്യത്തിന് അവരോട് യോജിച്ചില്ല. അവർ ബാഹ്യമായ കർമ്മം മാത്രമേ അദ്ദേഹത്തിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ളു; എന്നിട്ടുകൂടി.
- ഇവിടെ നരകത്തിൽ പ്രവേശിച്ച വ്യക്തി 'മുസ്ലിം' ആയിരുന്നു. കാരണം അയാൾ കാഫിറായിരുന്നുവെങ്കിൽ നബിﷺ ''ഒരാൾ ഒരു ഈച്ചയുടെ വിഷയത്തിൽ നരകത്തിൽ പ്രവേശിച്ചു'' എന്നു പറയുമായിരുന്നില്ല.
- ഈ 'ഹദീഥ്' ''സ്വർഗ്ഗം നിങ്ങളിലേക്ക്, അയാളുടെ ചെരിപ്പിൻ വാറിനേക്കാളും അടുത്തതാണ്. നരകവും അപ്രകാരം തന്നെ'' എന്ന 'ഹദീഥി'ന് 'ശാഹിദ്' ആണ്.

- ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ ആണ് ഏറ്റവും മഹത്തായി ഉദ്ദേശിക്കപ്പെടുന്നത് എന്ന കാര്യം വിഗ്രഹാരാധകരുടെ അടുക്കൽപോലും ഉണ്ട്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**